"ഭരണഭാഷ ... മാതൃഭാഷ"

നം. F4 - 26405/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 9/08/2017
Email - swdkerala@gmail.com

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ട്രാൻസ് ജെൻഡർമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കുന്നത് - അപേക്ഷകൾ ക്ഷണിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നമ്പർ ബി 3/361/2016, തീയതി 25/03/2017

ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെന്റർ പോളിസി രൂപീകരിച്ച സംസ്ഥാനമാണ് കേരളം (2015). ഇതിന്റെ ഭാഗമായി ആദ്യം നടപ്പിലാക്കിയ ക്ഷേമ പദ്ധതിയാണ് ട്രാൻസ്ജെൻഡർമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി. കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷങ്ങളിലായി ആകെ 4 അപേക്ഷകൾ മാത്രമാണ് ഈ കാര്യാലയത്തിൽ ലഭിച്ചത്. ഇപ്പോഴും ട്രാൻസ് ജെൻഡർമാരോടുള്ള മലയാളികളുടെ സമീപനത്തിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ലായെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് ഇവരുടെ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുന്നു. പ്രധാനമായും സഹപാഠികളുടെ കളിയാക്കലുകളും അദ്ധ്യാപകരുടെ അപക്വമായ കാഴ്ചപ്പാടുകളും ഇതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങൾ അതിജീവിക്കാൻ ബുദ്ധിമുട്ടുള്ളതും അപകർഷതാ ബോധം കൂട്ടുന്ന ഇടങ്ങളാകുമ്പോൾ പഠനം പാതിവഴിയിലുപേക്ഷിച്ച് അത്തരക്കാർ പടിയിറങ്ങുന്ന പ്രവണത ഒഴിവാക്കുന്നതിനാണ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ആരംഭിച്ചത് (2015-16).

2017-18 സാമ്പത്തിക വർഷത്തേക്ക് 7-)ം ക്ലാസ് മുതലുള്ള ട്രാൻസ് ജെൻഡർമാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി വിപുലപ്പെടുത്തുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാരും അങ്കണവാടി വർക്കർമാരും കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനേസേഷനും

Dh/

ചൈൽഡ് ലൈൻ പ്രവർത്തകരും സംയുക്തമായി പരിശ്രമിച്ച് ടി പദ്ധതിയ്ക്ക് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കേണ്ടതും അതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകി സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്കൂൾ അദ്ധ്യാപകരുടെയും PTA പ്രതിനിധികളുടെയും സഹായം തേടേണ്ടതുമാണ്.

2017-18 അദ്ധ്യായന വർഷത്തേക്ക് ട്രാൻസ് ജെൻഡർ സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള അപേക്ഷകൾ അടിയന്തിരമായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ആഫീസർമാർ ക്ഷണിക്കേണ്ടതും ഇതിനായി പ്രമുഖ ദിനപത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ട്രാൻസ്ജെൻഡർമാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് വ്യാപകമായ പ്രചാരണം നടത്തേണ്ടതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ ക്രോഡീകരിച്ച് ലിസ്റ്റാക്കി അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർമാർ, ഫണ്ട് ലഭിക്കുന്നതിനായി 31/08/2017 നകം ഡയറക്ടർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

Dh/